**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1483** **07-10-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുമായി ബന്ധപ്പെട്ട ഏതെല്ലാം സേവനങ്ങളാണ് ഡിജിറ്റലായി ലഭിക്കുന്നത് എന്ന് വിശദമാക്കാമോ; എഫ്.എം.ബി. സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി ലഭിക്കുമോ; വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ചുവടെ ചേർത്തിട്ടുള്ള സേവനങ്ങളാണ് ഡിജിറ്റലായി ലഭ്യമാകുന്നത്. 1)ഇ-ഡിസ്ട്രിക്ട് 2)ആർ.ആർ. ഓൺലൈൻ 3) ReLIS (റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം) 4)റവന്യൂ ഇ-പെയ്മെന്റ് 5)റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം) 6)റവന്യൂ മിത്രം 7)വില്ലേജ് വെബ്സൈറ്റ് 8)റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്പ് 9)തണ്ടപ്പേർ പകർപ്പ് ഓൺലൈൻ 10)ലൊക്കേഷൻ മാപ്പ് ഓൺലൈൻ 11) FMB ഓൺലൈൻ അടിസ്ഥാന നികുതി രജിസ്റ്റർ (BTR) ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ ആക്കിയിട്ടുള്ള 1663 വില്ലേജുകളിൽ നിന്നും തണ്ടപ്പേർ പകർപ്പ് , ലൊക്കേഷൻ മാപ്പ് എന്നിവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കി ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റിയിട്ടുള്ള 87 വില്ലേജുകളിൽ ഡിജിറ്റൽ FMB സ്കെച്ച് ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ട്. |
| (ബി) | റവന്യൂ വകുപ്പിന്റെ ഏതെല്ലാം സേവനങ്ങൾക്കാണ് മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി ഒടുക്കുന്നതിനും ഓൺലൈൻ അല്ലാതെയുള്ള പോക്കുവരവ് (ഭൂമിയുടെ ക്രയവിക്രയം നടന്നത് സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation) സംവിധാനം നിലവിൽ വരുന്നതിന് മുൻപ് നടന്നിട്ടുള്ളതും എന്നാൽ പോക്കുവരവ് ചെയ്തിട്ടില്ലാത്തതുമായ പോക്കുവരവ് അപേക്ഷകൾ) ചെയ്യുന്നതിനും ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റവും റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | ഭൂരഹിതരുടെ അപേക്ഷകളിൽ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അന്ത:സത്ത പാലിച്ച് സാധാരണക്കാരനെ ഭൂമിയുടെ ഉടമയാക്കുകയും, ഭൂരഹിതരില്ലാത്ത കേരളം എന്ന ആശയത്തിലൂന്നി അർഹരായ മുഴുവൻ ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കുകയും ചെയ്യുക, എല്ലാ ഭൂമിക്കും കൃത്യതയോടെ രേഖ ഉറപ്പുവരുത്തുക എന്നിവയാണ് "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ള നിയമസംവിധാനം പ്രയോജനപ്പെടുത്തി പരമാവധി ആളുകൾക്ക് പട്ടയം വിതരണം ചെയ്യും. സംസ്ഥാനത്തെ ഡിജിറ്റൽ റീ സർവേ നടപടികൾ പൂർത്തിയാക്കി രജിസ്ട്രേഷൻ, റവന്യൂ, സർവ്വെ വകുപ്പുകളുടെ ഏകീകൃത പോർട്ടൽ ഒരുക്കുന്നതിനും അതിലൂടെ ഭൂമി സംബന്ധമായ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ പരമാവധി ലളിതവത്കരിച്ച് വേഗത്തിൽ ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. |
| (ഡി) | ഭൂമിയുടെ തരംമാറ്റൽ അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്നതിന് സൗകര്യമുണ്ടോ; ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുമോ; വിശദമാക്കാമോ? | (ഡി) | അടിസ്ഥാന നികുതി രജിസ്റ്റർ (BTR) ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ ആക്കിയിട്ടുള്ള 1663 വില്ലേജുകളിലും ഭൂമിയുടെ തരംമാറ്റൽ അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഭൂമിയുടെ തരംമാറ്റൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ